ഏകീകൃത സർവ്വകലാശാല നിയമം

30 (*150) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകൾക്ക് വേണ്ടി ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നതിന് തീരുമാനമായോ ;

(ബി) എങ്കിൽ സർവ്വകലാശാലയുടെ ഭരണപരവും ധനപരവുമായ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും സർവ്വകലാശാലകളുടെ അക്കാഡമിക് സ്വയംഭരണം നിലനിർത്തുന്നതിനും ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഏകീകൃത സർവ്വകലാശാല ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യും.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂമി പൊന്നുംവിലയ്ക്കെടുത്തത് സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ

1 (598) ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില കുറഞ്ഞുപോയെന്നും ഉയർന്നവില അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് ;

(ബി) ഇത്തരം കേസുകളിൽ തീർപ്പുണ്ടാക്കുന്നതിന് എന്തു കാലതാമസം വരും ;

(സി) ഉയർന്ന വിലയോടൊപ്പം പലിശയും നൽകണമെന്ന് കോടതികൾ വിധിക്കാറുള്ളതിനാൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീരുമാനമെടുക്കുവാൻ സഹായകമായ എന്തെല്ലാം നിർദ്ദേശങ്ങൾ ഗവൺമെന്റ് അഭിഭാഷകർക്ക് കൊടുത്തിട്ടുണ്ട് ;

(ഡി) പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിക്ക് ന്യായമായ വില നിശ്ചയിക്കുന്ന പക്ഷം ഇത്തരം കേസുകളുടെ എണ്ണം കുറയാനുള്ള സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly